## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:5579 29.07.2015 ൽ മറുപടിയ്ക്ക്

### ദുരിതാശ്വാസ ധനസഹായ വിതരണം

| ചോദ്യം<br>ശ്രീ.ബി.ഡി.ദേവസ്സി | ഉത്തരം<br>ശ്രീ.ഉമ്മൻ ചാണ്ടി<br>(ബഹുമാനപ്പെട്ട മുഖ്യമന്ത്രി) |
|---|---|
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ, അപകട മരണ ധനസഹായ ങ്ങൾ വിതരണം ചെയ്യുമ്പോൾ എം.എൽ.എ മാരെ ഒഴിവാക്കുന്നതിനായി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;<br><br>(ബി) എം.എൽ.എ.മാർ, എം.പി.മാർ തുടങ്ങിയ ജനപ്രതിനിധികളെ അവഹേളിക്കുന്ന തരത്തിൽ ഇവരെ ഒഴിവാക്കി ധനസഹായങ്ങൾ വിതരണം ചെയ്യുന്നതിനായി നൽകിയിട്ടുള്ള നിർദ്ദേശം പിൻവലിക്കുന്നതിനും, ഇവരെക്കൂടി ഉൾ പ്പെടുത്തി ധനസഹായം കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിനുമായി നിർ ദ്ദേശം നൽകുന്നതിനും നടപടി സ്വീകരിക്കുമോ? | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്ന ധനസഹായത്തിൽ 50,000/- (അമ്പതിനായിരം രൂപ) രൂപയ്ക്കു മുകളിൽ അനുവദിക്കുന്ന കേസുകളിൽ ധനസഹായം ബന്ധപ്പെട്ട എം.എൽ.എ /എം.പി.മാർ മുഖാന്തിരം വിതരണം ചെയ്താൽ മതിയെന്ന് 28.11.2012 ലെ സർക്കാർ ഉത്തരവ് (സാധാ) നം.6769/2012/റവ പ്രകാരം ഉത്തരവിട്ടിരുന്നു.<br>ഇപ്രകാരം ജനപ്രതിനിധികളുടെ സൌകര്യം കണക്കിലെടുത്ത് തുക വിതരണം ചെയ്തു വന്നിരുന്നതിനാൽ അത്യാവശ്യ സന്ദർഭങ്ങളിൽ പോലും തുക അനുവദിച്ചു മാസങ്ങൾക്കു ശേഷം മാത്രമേ അപേക്ഷകന് തുക ലഭ്യമാക്കുവാൻ സാധിക്കുന്നുള്ളൂ. ആയതിനാൽ അപേക്ഷകന് |

യഥാസമയം പ്രയോജനം ലഭിക്കാത്ത സാഹചര്യം ഉണ്ടാകുന്നുണ്ട്. ഇത് സംബന്ധിച്ച് ധാരാളം ആക്ഷേപങ്ങൾ ലഭിച്ചിട്ടുണ്ട്.

ആയതിനാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്ന ധനസഹായം ഗുണഭോക്താക്കൾക്ക് കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനു വേണ്ടിയാണ് ധനസഹായം ജനപ്രതിനിധികൾ മുഖാന്തിരം വിതരണം ചെയ്താൽ മതി എന്ന ഉത്തരവ് 29.04.2015 ലെ സർക്കാർ ഉത്തരവ് (സാധാ) 2248/15/റവ പ്രകാരം പിൻവലിച്ചത്.

സെക്ഷൻ ഓഫീസർ